**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് -ഡോ.ടെസ്സി ജോർജ് ,അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.Letter No.A1-5126/2025/ DMOH പാലക്കാട്

2.കാരണം കാണിക്കൽ നോട്ടീസ് നം DHS/510/2026-EA5 Dated :12.03.2026

**ഉത്തരവ് നം.DHS/510/2026-EA5 തീയതി.06-06-2026**

ഡോ.ടെസ്സി ജോർജ് അസിസ്റ്റന്റ് സർജൻ 19.12.2022 ന് ആരോഗ്യ വകുപ്പിൽ സർവ്വീസിൽ പ്രവേശിച്ച വ്യക്തിയാണ്. പാലക്കാട് എലപ്പുള്ളി താലൂക്ക് ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുകയും പി ജി പഠനം തുടരുന്നതിനായി 19.12.2022 നു സർവ്വീസിൽ നിന്നും വിടുതൽ ചെയ്യുകയും ചെയ്തു .എന്നാൽ 31.03.2025 നു പി ജി പഠനം അവസാനിച്ചെങ്കിലും തിരികെ സർവ്വീസിൽ പ്രവേശിച്ചില്ല. ആയതിനാൽ 01.04.2025 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു .

ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് ടിയാളുടെ ലഭ്യമായ മേൽ വിലാസത്തിലേയ്ക്ക് അയച്ചു നൽകുകയും ചെയ്തു .എന്നാൽ കാരണം കാണിക്കൽ നോട്ടീസ് ടിയാൾ കൈപ്പറ്റുകയും acknowledgement card തിരികെ ലഭ്യമാകുകയും ചെയ്ത് നിശ്ചിത സമയ പരിധി കഴിഞ്ഞിട്ടും കാരണം കാണിക്കൽ നോട്ടീസിനോട് ടിയാൾ പ്രതികരിച്ചിട്ടില്ല.

ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ

അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല.

ടി സാഹചര്യത്തിൽ **01.04.2025** തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ.ടെസ്സി ജോർജിന്റെ വർക്ക് ആന്റ് കോണ്ടക്ക് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

ആയതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് **II** ചട്ടം **19 (a) (ii)** പ്രകാരം ഡോ.ടെസ്സി ജോർജിന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by
Reena K J
Date: 06-06-2026
21:21:48

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്,

**Dr.Tessy George , Twin Dale , Pazhinjam , Ummannur P O , Kottarakkara**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),പാലക്കാട്
3. സൂപ്രണ്ട്,താലൂക്ക് ആശുപത്രി എലപ്പുള്ളി പാലക്കാട്

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ഫയൽ